ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർ എന്നിവർക്ക് എല്ലാ മാസവും അവലോകന കുറിപ്പുകൾ അയച്ചുകൊടുക്കാറുണ്ട്. പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം ജില്ലാതലത്തിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഇത് ജില്ലകളിൽ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

പന്ത്രണ്ടാം പദ്ധതിയുടെ വളർച്ചാനിരക്ക്

60 (1434) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതിയുടെ ഓരോ വർഷവും എത്ര ശതമാനം വളർച്ചാനിരക്ക് കൈവരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഈ ഓരോ വർഷവും എത്ര ശതമാനം വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചുവെന്നറിയിക്കാമോ?

ഉത്തരം

(എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ സ്ഥിരവിലയിൽ 9.50 ശതമാനം വളർച്ചാനിരക്ക് കൈവരിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി)

വർഷം	വളർച്ചാ നിരക്ക് സ്ഥിര വിലയിൽ (2011-12)	വളർച്ചാ നിരക്ക് നടപ്പ് വിലയിൽ
2012-13	6.50	11.24
2013-14	4.54	12.27
2014-15	6.67	12.31

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഹാഡ പദ്ധതി

61 (1435) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ 2014-15,2015-16 എന്നീ വർഷങ്ങളിൽ ഹാഡ പദ്ധതിയിൽപ്പെടുത്തി അനുവദിച്ച മരാമത്ത് പ്രവൃത്തികളുടെ പേരുകൾ, തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly